"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - നന്തൻകോട് ട്രാവൻകൂർ ദേവസ്വം ബോർഡ് സ്കൂൾസ് മാനേജർ, ചെറിയനാട് ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ്.ടി.എം ശ്രീമതി. ആരതി രാജ് എന്നിവർ ഫയൽ ചെയ്ത യഥാക്രമം 34033/2024, 4905/2025 നമ്പർ റിട്ട് പെറ്റീഷനുകളിൽ ബഹു: ഹൈക്കോടതി 03/03/2025ൽ പുറപ്പെടുവിച്ച വിധിന്യായവും; ശ്രീ ആകാശ് രാജ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 4107/2026 മേലുള്ള 03.02.2026 ലെ വിധിന്യായവും പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3639/2026/GEDN തീയതി,തിരുവനന്തപുരം, 30-05-2026

പരാമർശം:-

1. 34033/2024, 4905/2025 നമ്പർ റിട്ട് പെറ്റീഷനുകളിൽ ബഹു: ഹൈക്കോടതി 03/03/2025 ൽ പുറപ്പെടുവിച്ച വിധിന്യായം.
2. മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05.04.2025 തീയതിയിലെ ഡിഇഒഎംവികെ/514/2025-ബി6 നമ്പർ റിപ്പോർട്ട്.
3. കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.04.2025, 24.03.2026 എന്നീ തീയതികളിലെ ഡിഇഒകെജെവൈ/242/2025-ബി3 നമ്പർ റിപ്പോർട്ടുകൾ.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.04.2025, 28.04.2025, 23.02.2026 എന്നീ തീയതികളിലെ ഇസി1/3880/2025/ഡിജിഇ നമ്പർ റിപ്പോർട്ടുകൾ.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.11.2025-ലെ ഇസി1/16981/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.
6. ശ്രീ ആകാശ് രാജ് -ന്റെ 26.06.2025 ലെ റിവിഷൻ പെറ്റീഷൻ.
7. ശ്രീ ആകാശ് രാജ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 4107/2026 മേലുള്ള 03.02.2026 ലെ വിധിന്യായം.
8. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.03.2026-ലെ ഡിജിഇ/4987/2026-വിഎ4 നമ്പർ റിപ്പോർട്ട്.

9. മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31.03.2026 തീയതിയിലെ ഡിഇഒഎംവികെ/368/2026-ബി6 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

നന്തൻകോട് ട്രാവൻകൂർ ദേവസ്വം ബോർഡ് സ്കൂൾസ് മാനേജർ, ചെറിയനാട് ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ്.ടി.എം ശ്രീമതി ആരതി രാജ് എന്നിവർ ഫയൽ ചെയ്ത യഥാക്രമം 34033/2024, 4905/2025 നമ്പർ റിട്ട് പെറ്റീഷനുകളിൽ ബഹു: ഹൈക്കോടതി 03/03/2025ൽ പുറപ്പെടുവിച്ച പരാമർശം (1) വിധിന്യായത്തിൽ ആറാം എതിർകക്ഷിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച എക്സിബിറ്റ് പി 13 റിവിഷൻ പെറ്റീഷൻ പരിശോധിച്ച്, ബന്ധപ്പെട്ടവരെ നേരിൽ കേട്ട് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 08.04.2025 ൽ നേരിൽ കേട്ടു.

I. 34033/2024, 4905/2025 നമ്പർ റിട്ട് പെറ്റീഷനുകളിൽ ബഹു: ഹൈക്കോടതി 03/03/2025 ൽ പുറപ്പെടുവിച്ച വിധിന്യായം

3. ശ്രീമതി ആരതി രാജിന്റെ ചെറിയനാട് ദേവസ്വം ബോർഡ് ഹൈസ്കൂളിലെ 25/10/2023 മുതലുള്ള ഫുൾടൈം മീനിയൽ നിയമനം അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നല്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

4. ശ്രീമതി ആരതി രാജ്, മാനേജർ എന്നിവരുടെ വാദഗതികൾ ഇപ്രകാരമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് അധീനതയിലുള്ള ചെറിയനാട് ഡി.ബി.എച്ച്.എസ്.എസ്. -ൽ 25.10.2023 മുതൽ ഫുൾ ടൈം മീനിയൽ ആയി നിയമിക്കപ്പെട്ട ശ്രീമതി ആരതി രാജ് എസ്.ആർ. -ന്റെ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുവാൻ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകിയെങ്കിലും ആയത് നാളിതുവരെ നടപ്പിലായില്ല. എന്നാൽ ചെറിയനാട് ഡി.ബി.എച്ച്.എസ്.- ൽ ഫുൾടൈം മീനിയലായിരിക്കെ ശ്രീ ആകാശ് രാജ് എന്ന ജീവനക്കാരനെതിരെ രജിസ്റ്റർ ചെയ്ത കേസിൽ നിന്നും ടിയാളെ കുറ്റവിമുക്തനാക്കപ്പെട്ട സാഹചര്യത്തിൽ ടി സ്കൂളിൽ 04.07.2022 മുതൽ ഫുൾടൈം മീനിയൽ തസ്തികയിലെ നിയമനം പരിഗണിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ റിട്ട് പെറ്റീഷൻ നമ്പർ 34033/2024 ഫയൽ ചെയ്തിരിക്കുന്നുവെന്നും ടി കേസ് ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ ഒരേ തസ്തികയിലെ നിയമനത്തിന് രണ്ട് പേർ അവകാശം ഉന്നയിക്കുന്ന സാഹചര്യത്തിൽ ശ്രീമതി ആരതി രാജ് എസ് ആർ -ന്റെ 25.10.2023 മുതലുള്ള ഫുൾടൈം മീനിയൽ നിയമനം ജില്ലാ വിദ്യാഭ്യാസ ആഫീസർ വീണ്ടും നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

ടി സ്കൂളിൽ 04.07.2022 മുതൽ സേവനം അനുഷ്ഠിച്ചുവന്ന ശ്രീ ആകാശ് രാജിനെതിരെ ചെങ്ങന്നൂർ പോലീസിൽ കേസ് നിലനിന്ന സാഹചര്യത്തിൽ 20.03.2023 മുതൽ മാനേജ്മെന്റ് വേലവിലക്ക് ഏർപ്പെടുത്തി. സ്കൂളിന്റെ ദൈനംദിന പ്രവർത്തനത്തിന് FTM

അത്യന്താപേക്ഷിതമായതിനാൽ 25.10.2023-ൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ക്രമപ്രകാരം അർഹയായ ശ്രീമതി ആരതി രാജിനെ മാനേജർ നിയമിച്ചെങ്കിലും വേലവിലക്കിൽ തുടർന്ന് വന്നിരുന്ന ശ്രീ ആകാശ് രാജിനെതിരെ നിലനിന്നിരുന്ന കേസിൽ നിന്നും ആലപ്പുഴ സെഷൻസ് ഫാസ്റ്റ് ട്രാക്ക് കോടതി കുറ്റവിമുക്തനാക്കുകയുണ്ടായി എന്നതിനാലും തുടർന്ന് ടിയാന്റെ 04.07.2022 മുതൽ 03.07.2024 വരെയുള്ള ഫുൾടൈം മീനിയൽ സേവനം യോഗ്യതാ സേവനകാലമായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൻ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി (നം.34033/2024) ഫയൽ ചെയ്തിട്ടുള്ളതിനാലുമാണ് ശ്രീമതി ആരതി രാജിന്റെ നിയമനാംഗീകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചത്.

എന്നാൽ ശ്രീ ആകാശ് രാജിന്റെ സസ്പെൻഷൻ കാലഘട്ടത്തിലെ സേവനം അംഗീകാരം ലഭിക്കാത്തതും പ്രൊബേഷൻ കാലഘട്ടത്തിലും ആയിരുന്നതിനാൽ സർവ്വീസ് ചട്ടപ്രകാരമുള്ള യാതൊരു വിധ മുൻഗണനയ്ക്കും അർഹതയില്ല എന്നതാണ് ഹർജിക്കാരുടെ വാദം. ആയതിനാൽ ശ്രീമതി ആരതി രാജിന്റെ 25/10/2023 മുതലുള്ള ഫുൾടൈം മീനിയൽ നിയമനം അംഗീകരിക്കണമെന്നാണ് ആവശ്യം.

5. ശ്രീ ആകാശ് രാജിന്റെ വാദം ഇപ്രകാരമാണ്. 04/07/2022 മുതൽ FTM ആയി നിയമിക്കപ്പെട്ടെങ്കിലും സ്കൂളിലെ ഒരു പെൺകുട്ടിയോട് മോശമായി പെരുമാറി എന്ന കാരണത്താൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ട സാഹചര്യത്തിൽ നിയമനാംഗീകാരം ലഭിക്കുന്നതിന് മുന്നേ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ടിരുന്നു. ഈ കേസിൽ ചെങ്ങന്നൂർ Fast Track Special കോടതി തന്നെ കുറ്റവിമുക്തനാക്കി ഉത്തരവായെങ്കിലും സ്കൂൾ മാനേജർ ജോലിയിൽ തിരികെ പ്രവേശിപ്പിച്ച് സസ്പെൻഷൻ കാലയളവ് റഗുലറൈസ് ചെയ്യുന്നതിന് പകരം 04.07.2022 മുതലുള്ള തന്റെ FTM നിയമനം റദ്ദ ചെയ്യുകയും പുതിയ നിയമനമായി കണക്കാക്കി എടുക്കുകയുമാണ് ഉണ്ടായിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ തന്റെ FTM നിയമനം റദ്ദ് ചെയ്തുകൊണ്ടുള്ള മാനേജരുടെ നടപടി പിൻവലിച്ച് മുൻകാല നിയമനം 04.07.2022 മുതൽ അംഗീകരിക്കുന്നതിനും 20.03.2023 മുതൽ 03.07.2024 വരെയുള്ള സസ്പെൻഷൻ കാലയളവ് റഗുലറൈസ് ചെയ്ത് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്.

6. പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ചെറിയനാട് ഡി ബി എച്ച് എസിലെ എഫ് റ്റി എം ആയിരുന്ന ശ്രീമതി ജി വി ഷൈനി മോൾക്ക് 01/07/2022 മുതൽ യു.പി.എസ്.റ്റി ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 25/10/2023 മുതൽ ശ്രീമതി ആരതി രാജ് എസ് ആർ നെ മാനേജർ നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം ശ്രീമതി ഷൈനി മോൾ ജി വി യുടെ സ്ഥാനക്കയറ്റ ഒഴിവിൽ 04/07/2022 മുതൽ മാനേജർ നിയമിച്ച ശ്രീ ആകാശ് രാജിൻറെ നിയമനം റദ്ദ് ചെയ്യാതെ ശ്രീമതി ആരതി രാജ് എസ് ആർ നെ നിയമിച്ചതിനാൽ നിയമനം പരിഗണിക്കുവാൻ സാധിക്കില്ല എന്ന കാരണത്താലും സമന്വയ പോർട്ടലിൽ Details of vacancy യിൽ സ്ഥാനക്കയറ്റ തീയതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു എന്ന കാരണത്താലും ശ്രീമതി എസ് ആർ ആരതി രാജിന്റെ 25/10/2023 മുതലുള്ള എഫ് ടി എം നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു. തുടർന്ന് ടി ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ ശ്രീമതി ആരതി രാജിന്റെ 25/10/2023 മുതലുള്ള എഫ് ടി എം നിയമനം സോപാധികമായി അംഗീകരിച്ചു നൽകാൻ ഉത്തരവായി.

ചെറിയനാട് ഡി ബി എച്ച് എസിൽ ശ്രീമതി ഷൈനി മോൾ ജി വി യുടെ സ്ഥാനക്കയറ്റ ഒഴിവിൽ ആദ്യം എഫ് ടി എം ആയി 04/07/2022 മുതൽ നിയമിച്ച ശ്രീ ആകാശ് രാജിനെതിരെ കേസ്സ് രജിസ്റ്റർ ചെയ്തതിനാൽ ടിയാനെ അന്വേഷണ വിധേയമായി മാനേജർ സസ്പെൻഡ് ചെയ്തു. മാനേജരുടെ 17/06/24 ROC No /2917/21/Edn പ്രകാരം ശ്രീ ആകാശ് രാജിന്റെ എഫ് ടി എം നിയമനം റദ്ദ് ചെയ്തു കേസ്സിൽ നിന്നും ശ്രീ ആകാശ് രാജ് കുറ്റവിമുക്തനാക്കപ്പെട്ട സാഹചര്യത്തിൽ ടിയാനെ എരുമേലി ഡി ബി എച്ച് എസിൽ 04/07/2024 മുതൽ മാനേജർ നിയമിച്ചുവെങ്കിലും ചെറിയനാട് ഡി ബി എച്ച് എസിൽ നിയമിക്കപ്പെട്ട 04/07/2022 മുതലുള്ള എഫ് ടി എം നിയമനം കൂടി പരിഗണിക്കണമെന്നാവശ്യപ്പെട്ട് ശ്രീ ആകാശ് രാജ് ബഹു ഹൈക്കോടതിയിൽ WP (C) 34033/2024 ഫയൽ ചെയ്തിരിക്കുന്നു. ആയതിന്മേലുള്ള അന്തിമ വിധിക്ക് ശേഷമേ ശ്രീമതി ആരതി രാജിന്റെ 25/10/2023 മുതലുള്ള നിയമനം പരിഗണിക്കാൻ കഴിയൂ എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ വീണ്ടും നിരസിച്ചു നൽകിയിരുന്നു.

തുടർന്ന് നിയമനം പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ആരതി രാജ് WP(C) നമ്പർ 4905/2025 ഫയൽ ചെയ്തു. ടി റിട്ട് ഹർജിയുടെയും ശ്രീ ആകാശ് രാജ് ഫയൽ ചെയ്ത WP(C) നമ്പർ 34033/2024 ന്റെയും പൊതു വിധിന്യായപ്രകാരം ശ്രീ ആകാശ് രാജിന്റെ 04/07/2022 മുതലുള്ള എഫ് റ്റി എം നിയമനം റെഗുലറൈസ് ചെയ്യാൻ മാനേജർക്ക് നിർദ്ദേശം നൽകിയും, വ്യവസ്ഥാപിത ഒഴിവ് ലഭ്യമാകുകയും നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരവുമെങ്കിൽ ശ്രീമതി ആരതി രാജ് എസ് ആർ ന്റെ നിയമനം അംഗീകരിച്ചു നൽകുവാനും ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ ആകാശ് രാജിന്റെ 04/07/2022 മുതലുള്ള നിയമന കാലയളവ് ക്രമീകരിക്കുകയും, അംഗീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഒഴിവു ലഭ്യമായാൽ മാത്രമേ ശ്രീ ആകാശ് രാജിന്റെ സ്ഥലമാറ്റ ഒഴിവിൽ ശ്രീമതി ആരതി രാജിന്റെ നിയമനം 04/07/2024 മുതൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി പരിഗണിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ ശ്രീമതി ആരതി രാജിന്റെ 25/10/2023 മുതൽ 03/07/2024 വരെയുള്ള കാലയളവിലെ സസ്പെൻഷൻ ഒഴിവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരത്തിന് പരിഗണിക്കാമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

7. ശ്രീ ആകാശ് രാജിന്റെ എരുമേലി ഡി ബി എച്ച് എസ് ലെ എഫ് റ്റി എം നിയമനം സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു. കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ് റ്റി എം ആയിരുന്ന ശ്രീമതി മഞ്ജുഷ അന്തർജനം 07/06/2024 തീയതിയിൽ പരുമല DBHS ലേക്ക് സ്ഥലംമാറ്റം നേടിപ്പോയ ഒഴിവിൽ 04/07/2024 മുതൽ ശ്രീ ആകാശ് രാജിനെ മാനേജർ നിയമിച്ചു. ശ്രീമതി മഞ്ജുഷ അന്തർജനത്തിന്റെ എഫ് റ്റി എം നിയമനം ബഹു. ഹൈക്കോടതിയുടെ WP(C) നമ്പർ 12590/2024 മേലുള്ള വിധിന്യായപ്രകാരവും S2/96/2024/പൊ.വിവ. തീയതി 09/10/2024 കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ശമ്പള സ്കെയിലിൽ കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ ശ്രീമതി മഞ്ജുഷ അന്തർജനത്തിന്റെ പരുമല DBHS ലെ സ്ഥലമാറ്റ നിയമനം സീനിയർ നിയമിതരുടെ സ്ഥലംമാറ്റ നിയമം അംഗീകരിച്ചു നൽകാത്തതിനാൽ തിരുവല്ല ജില്ലാ വിദ്യാഭ്യസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടില്ല. എന്നാൽ ടി സീനിയർ നിയമനങ്ങൾ അംഗീകരിക്കേണ്ട നടപടി മാനേജ്മെന്റിന്റെ ഭാഗത്ത് നിന്ന് സ്വീകരിക്കേണ്ടതുണ്ട് എന്ന് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് ഫോൺ മുഖേന അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി മഞ്ജുഷ അന്തർജനത്തിന്റെ പരുമല DBHS ലെ സ്ഥലമാറ്റ നിയമനം

അംഗീകരിക്കുന്ന മുറയ്ക്ക് എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ് റ്റി എം ആയുള്ള ശ്രീ ആകാശ് രാജിന്റെ 04/07/2024 മുതലുള്ള നിയമനം പരിഗണിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

ശ്രീ. ആകാശ് രാജ് ഫയൽ ചെയ്ത W.P.(C) No.34033/2024 വിധിന്യായത്തിൽ Ext.P9 order of the Manager in W.P.(C) No.34033/2024 is set aside. The writ petition is disposed of directing the Manager to consider regularisation of the period of suspension of the petitioner. The petitioner will be entitled to consequential benefits on approval being granted to the petitioner's with effect from 04.07.2022. എന്നാണ് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. ഈ വിധിന്യായം പാലിച്ച് മാനേജർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ ആകാശ് രാജിന്റെ സസ്പെൻഷൻ കാലയളവ് 20.03.2023 മുതൽ 03.07.2024 വരെയുള്ള കാലഘട്ടം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും, ടിയാന്റെ ചെറിയനാട് ഡി.ബി.എച്ച്.എസ്.എസ്.-ലെ 04.07.2022 മുതൽ 03.07.2024 വരെയുള്ള ഫുൾടൈം മീനിയൽ തസ്തികയിലെ സേവനം യോഗ്യതാ സേവനകാലമായി പരിഗണിച്ചുകൊണ്ടും ബഹു. കോടതിയുടെ 03.03.2025 -ലെ വിധിന്യായം പാലിച്ച് മാനേജർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെതിരെ ശ്രീ ആകാശ് രാജ് ഫയൽ ചെയ്ത റിവിഷൻ പെറ്റീഷനിൽ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്നും ശമ്പളം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

<u>II.റിട്ട് ഹർജി നമ്പർ 4107/2026 ന്മേലുള്ള 03.02.2026 ലെ വിധിന്യായം</u>

8. ശ്രീ ആകാശ് രാജ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 4107/2026 ന്മേലുള്ള 03.02.2026 ലെ പരാമർശം (7) വിധിന്യായത്തിൽ, പ്രസ്തുത വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ, ഹർജിക്കാരനെ കേട്ടതിനുശേഷം, Ext. P6 റിവിഷൻ ഹർജി പരിഗണിക്കാനും (Ext. P4 വിധിന്യായം, കെ.എസ്.ആർ. ഭാഗം I ചട്ടം 56(A)(3) ഉൾപ്പെടെ) ഉത്തരവുകൾ പുറപ്പെടുവിക്കാനും ബഹു. കോടതി നിർദ്ദേശിച്ചിരുന്നു.

9. ബഹു. കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ 31.03.2026 ൽ ഈ വിഷയം നേരിൽ കേട്ടു.

10. ആലപ്പുഴ ജില്ലയിലെ മാവേലിക്കര ചെറിയനാട് ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ്.ടി.എം ആയിരുന്ന ശ്രീ ആകാശ് രാജ് -ന്റെ 04/07/2022 മുതലുള്ള എഫ്.റ്റി.എം. നിയമനം അംഗീകരിച്ച് വേലവിലക്ക കാലയളവ് യോഗ്യത സേവനകാലമായി കണക്കാക്കി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നല്കണമെന്നാവശ്യപ്പെട്ടാണ് ടിയാൻ പരാമർശം (6) റിവിഷൻ ഹർജി സമർപ്പിച്ചിരുന്നത്.

11. പ്രസ്തുത വിഷയം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (8) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധീനതയിലുള്ള ചെറിയനാട് ഡി.ബി.എച്ച്.എസ്.എസ് -ൽ ശ്രീ ആകാശ് രാജിനെ 04.07.2022 മുതൽ എഫ്.ടി.എം തസ്തികയിൽ നിയമിച്ച് കൊണ്ട് മാനേജർ നിയമനാംഗീകാര അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിന്റെ പരിഗണനയിലിരിക്കെ ടിയാനെതിരെ സ്വഭാവ ദൂഷ്യം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 20.03.2023 ന് മാനേജർ ടിയാനെ സർവ്വീസിൽ നിന്നു സസ്പെൻഡ് ചെയ്യുകയും ചെയ്തു.

തുടർന്ന് നിയമനാംഗീകാര അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനെ തുടർന്ന് B6/39355/2022 തീയതി 16.02.2023 പ്രകാരം ടിയാന്റെ നിയമന പ്രൊപ്പോസൽ നിരസിച്ചു. പിന്നീട് ശ്രീമതി ആരതി രാജ് -നെ ഇതേ തസ്തികയിൽ 25.10.2023 മുതൽ നിയമിച്ച് കൊണ്ട് മാനേജർ നിയമനാംഗീകാര അപേക്ഷ സമർപ്പിക്കുകയും, ഒരേ ഒഴിവായതിനാൽ ശ്രീ ആകാശ് രാജിന്റെ ഫുൾ ടൈം മീനിയൽ നിയമനം റദ്ദാക്കാത്തതിനാൽ ശ്രീമതി ആരതി രാജിന്റെ നിയമനം പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന് കാട്ടി നിയമനം നിരസിക്കുകയും ചെയ്തു.

ശ്രീ ആകാശ് രാജ് -നെതിരെ ബഹു. അഡീഷണൽ ഡിസ്ട്രിക് സെഷൻ കോർട്ട് 1 (POCSO) ൽ SC 557/2023 നമ്പരായി നിലനിന്നിരുന്ന കേസിന്റെ അന്തിമ വിധിയിൽ ടിയാൻ കുറ്റവിമുക്തനാക്കപ്പെടുകയും തുടർന്ന് മാനേജർ ടിയാനെ 04.07.2024 മുതൽ എരുമേലി ഡി.ബി.എച്ച്.എസ്.എസ് -ൽ പുതിയതായി നിയമനം നൽകുകയും ചെയ്തു. കുറ്റവിമുക്തനാക്കപ്പെട്ടതിനാൽ ടിയാന്റെ മുൻകാല സേവനം പരിഗണിച്ച് സേവന തുടർച്ചയും ശമ്പള ആനുകൂല്യങ്ങളും അനുവദിക്കണം എന്നാവശ്യപ്പെട്ട് ടിയാൻ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി നം. 34033/24 ഫയൽ ചെയ്തു.

ടി ഹർജിയിൻമേൽ 03.03.2025 ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ശ്രീ ആകാശ് രാജിന്റെ എഫ്.ടി.എം നിയമനം റദ്ദ് ചെയ്ത മാനേജരുടെ നടപടി റദ്ദ് ചെയ്യണമെന്നും ടിയാളുടെ സസ്പെൻഷൻ കാലഘട്ടം യോഗ്യതാ സേവനകാലമായി കണക്കാക്കി എല്ലാവിധ ആനുകൂല്യങ്ങളോടും കൂടി ആദ്യ നിയമന തീയതിയായ 04.07.2022 മുതൽ ക്രമീകരിച്ച് നൽകുന്നതിനും ഉത്തരവാകുകയും ചെയ്തു. മേൽ കോടതി ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി ശ്രീ ആകാശ് രാജ് വേലവിലക്കിൽ തുടർന്നിരുന്ന 20.03.2023 മുതൽ 03.07.2024 വരെയുള്ള കാലഘട്ടം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് കൊണ്ടും ടിയാളുടെ ചെറിയനാട് ഡി.ബി.എച്ച്.എസ്.എസ്-ലെ 04.07.2022 മുതൽ 03.07.2024 വരെയുള്ള എഫ്.ടി.എം തസ്തികയിലെ സേവനം യോഗ്യതാ സേവനകാലമായി പരിഗണിച്ച് കൊണ്ടും തിരുവിതാംകൂർ ദേവസ്വം ബോർഡ് മാനേജർ 13.06.2025 തീയതിയിലെ ROC NO. 2917/21/EDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

എന്നാൽ വിധിന്യായത്തിൽ സസ്പെൻഷൻ കാലഘട്ടം എല്ലാവിധ ആനുകൂല്യങ്ങളോടും കൂടിയുള്ള യോഗ്യതാ സേവനകാലമായി പരിഗണിക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. മാനേജർ ടി കാലയളവ് നോൺ ഡ്യൂട്ടിയായിട്ട് ക്രമീകരിക്കുന്നത് വഴി ശമ്പള ആനുകൂല്യങ്ങൾ തടയപ്പെടുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. ആയതിനാൽ ശ്രീ ആകാശ് രാജ് വേലവിലക്കിൽ തുടർന്നിരുന്ന 20.03.2023 മുതൽ 03.07.2024 വരെയുള്ള കാലഘട്ടം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് കൊണ്ടുള്ള മാനേജരുടെ നടപടി സാധൂകരിക്കാൻ കഴിയുന്നതല്ല.

ഇതേ കാരണങ്ങൾ ചൂണ്ടി കാണിച്ച് കൊണ്ട് മാനേജരുടെ 13.06.2025 തീയതിയിലെ ROC NO. 2917/21/EDN ഉത്തരവിനെതിരെ ശ്രീ ആകാശ് രാജ് സർക്കാർ മുൻപാകെ 26.06.2025 -ൽ റിവിഷൻ ഹർജി ഫയൽ ചെയ്തതിനോടൊപ്പം തന്നെ റിട്ട് ഹർജി നം.4107/2026 ഫയൽ ചെയ്തു. മേൽ റിട്ട് ഹർജിയുടെ വിധിന്യായത്തിൽ ഹർജിയിലെ എക്സിബിറ്റ് P6 ആയി ഉൾപ്പെടുത്തിയിരിക്കുന്ന റിവിഷൻ ഹർജി പരിശോധിച്ച് പരാതിക്കാരനെ നേരിൽ കേൾക്കുന്നതിനും അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ ആകാശ് രാജിന്റെ 04.07.2022 മുതലുള്ള നിയമനം അംഗീകരിക്കുന്നതിനാവശ്യമായ രേഖകൾ മാനേജർ (ഒഴിവ് സ്ഥിരീകരിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിനായി ശ്രീമതി ഷൈനിമോൾ വി.ജി.യുടെ യു.പി.എസ്.ടി സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ച ഉത്തരവ്, ശ്രീ.

ആകാശ് രാജ് ഡിഗ്രി യോഗ്യത നേടിയിട്ടില്ല എന്ന ഡിക്ലറേഷൻ തുടങ്ങിയവ) നാളിതുവരെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടിയാന്റെ നിയമനം നാളിതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല.

സസ്പെൻഷനെ തുടർന്ന് തിരികെ സർവീസിൽ പുനഃപ്രവേശിച്ച തീയതി വ്യക്തമാക്കുന്നതിലേയ്ക്കായി മാനേജർ ശ്രീ ആകാശ് രാജിന്റെ നിയമന ഉത്തരവും തിരികെ സേവനത്തിൽ പ്രവേശിച്ച എരുമേലി ഡി.ബി.എച്ച്.എസ്.എസ് -ലെ പ്രഥമാദ്ധ്യാപികയിൽ നിന്നും ജോയിനിംഗ് റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. നിയമനാംഗീകാരത്തിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ടിയാന്റെ 04.07.2022 മുതലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം അംഗീകരിക്കാവുന്നതും തുടർന്ന് ടിയാൻ സസ്പെൻഷനിലായിരുന്ന 20.03.2023 മുതൽ 03.07.2024 വരെയുള്ള കാലഘട്ടം റിട്ട് ഹർജി നം. 34033/24 ന്റെ വിധിന്യായത്തിൽ പ്രതിപാദിക്കുന്നതു പോലെ എല്ലാവിധ ആനുകൂല്യങ്ങളോടും കൂടിയ യോഗ്യതാ സേവനകാലമായി പരിഗണിക്കാവുന്നതുമാണെന്നും മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

12. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നിയമനാംഗീകാരത്തിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ശ്രീ ആകാശ് രാജ് -ന്റെ 04.07.2022 മുതലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം പരിഗണിക്കാവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, നിയമനാംഗീകാരം നൽകുന്ന പക്ഷവും; വകുപ്പ്തലത്തിലെ അന്വേഷണ റിപ്പോർട്ടിൽ ടിയാനെതിരായ ആരോപണം തെളിഞ്ഞിട്ടില്ല എങ്കിലും സസ്പെൻഷനുമായി ബന്ധപ്പെട്ട SC-587/23 ന്റെ 15-12-2023 ലെ വിധിന്യായത്തിൽ ടിയാനെ കുറ്റവിമുക്തനാക്കിയ നടപടി Honourable Acquittal ആയി കരുതാനാവില്ല എന്നതിനാലും ടിയാന്റെ 20-03-2023 മുതൽ 16-06-2024 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 17-06-2024 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-56 B (9) Note-2 പ്രകാരം പ്രവേശന കാലമായോ (KSRs Part I Rule-127 പ്രകാരം അനുവദനീയമായ പ്രവേശന കാലയളവ്-ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും [6 ദിവസം] യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം) [apportioned second] അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് നൽകാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം ശ്രീ ആകാശ് രാജ് ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 4107/2026 മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചും; ശ്രീ. ആകാശ് രാജിന്റെ 04/07/2022 മുതലുള്ള നിയമന കാലയളവ് ക്രമീകരിക്കുകയും, അംഗീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഒഴിവ് ലഭ്യമായാൽ മാത്രമേ ശ്രീമതി ആരതി രാജിന്റെ നിയമനം ഭിന്നശേഷി സംവരണത്തിന് വിധേയമായി പരിഗണിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ ശ്രീമതി ആരതി രാജിന്റെ 25/10/2023 മുതൽ 03/07/2024 വരെയുള്ള കാലയളവിലെ സസ്പെൻഷൻ ഒഴിവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരത്തിന് പരിഗണിക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി അപ്രകാരം WP(C) 34033/2024, 4905/2025 നമ്പർ റിട്ട് പെറ്റീഷനുകളിൽ ബഹു: ഹൈക്കോടതി 03/03/2025ൽ പുറപ്പെടുവിച്ച വിധിന്യായവും പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
SMT. ARATHY RAJ S.R., TC 50/2226, DEVAKI SADANAM, SANTHIVILA, NEMAM P.O., THIRUVANANTHAPURAM.
മാനേജർ, ട്രാവൻകൂർ ദേവസ്വം ബോർഡ് സ്കൂൾസ്,ട്രാവൻകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം - 695 003
SRI. AKASH RAJ, CHOOTTARATHALA HOUSE, PIRAYIL, PEYAD P.O, THIRUVANANTHAPURAM - 695573.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാവേലിക്കര
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞിരപ്പള്ളി
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/52/2025-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Salim M
Date: 01-06-2026 14:33:49
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്. പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.